# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 317 — 24.02.2016-ൽ മറുപടിക്ക്

## ഭരണ പരിഷ്കരണ ശിപാർശകളുടെ നടത്തിപ്പും തുടർനിർവ്വഹണവും

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം.എ.ബേബി**<br>**ശ്രീ. ജി.സുധാകരൻ**<br>**ശ്രീ. വി.ശിവൻകുട്ടി**<br>**ശ്രീ. കെ.സുരേഷ് കുറുപ്പ്** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) നാളിതുവരെയുള്ള ഭരണ പരിഷ്കരണ ശിപാർശകളുടെ നടത്തിപ്പും തുടർ നിർവ്വഹണവും സർക്കാർ കാലോചിതമായി അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ എപ്പോൾ ; അവലോകനത്തിലെ കണ്ടെത്തലുകൾ വിശദമാക്കാമോ ; | (എ) 1957-ൽ ശ്രീ.ഇ.എം.എസ്. നമ്പൂതിരിപ്പാട് ചെയർമാനായും, 1965-ൽ ശ്രീ.എം.കെ. വെള്ളോടി ഐ.സി.എസ്സിന്റെ നേതൃത്വത്തിലും, 1997-ൽ ശ്രീ.ഇ.കെ. നായനാർ ചെയർമാനായും മൂന്ന് ഭരണ പരിഷ്ക്കാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ മൂന്നാം ഭരണ പരിഷ്കാര കമ്മീഷന്റെ ശുപാർശകൾ സർക്കാർ പരിഗണിച്ചു വരുന്നു. ഭരണം സുതാര്യമായും വേഗത്തിലും നീതിപൂർവ്വവും ആക്കുന്നതിനായി മൂന്നാമത് ഭരണ പരിഷ്കാര കമ്മിറ്റി സമർപ്പിച്ച 15 റിപ്പോർട്ടുകളിൽ 1,2,3,4,6,7,8,10,11,12,13 നമ്പരുകളായുള്ള 11 റിപ്പോർട്ടുകളിലെ മിക്ക ശുപാർശകളും സർക്കാർ അംഗീകരിച്ച് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഇതിൽ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ തുടർ നടപടികൾ സ്വീകരിച്ച/സ്വീകരിച്ചുവരുന്ന ശുപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള ശുപാർശകളടങ്ങിയ പത്താം ശമ്പള കമ്മീഷന്റെ രണ്ടാം |

ഘട്ട റിപ്പോർട്ട് പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി 20.01.2016-ലെ സ.ഉ. (അച്ചടി) നം. 7/2016/ധന. പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായും പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ എക്സ്പെൻഡിച്ചർ) കൺവീനറായും അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം), അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം), സെക്രട്ടറി (പൊതുഭരണ വകുപ്പ്), സെക്രട്ടറി (ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്), ഡയറക്ടർ ജനറൽ (ഐ.എം.ജി) എന്നിവർ അംഗങ്ങളായും ഉള്ള കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

| | |
|---|---|
| (ബി) ഇല്ലെങ്കിൽ നിരീക്ഷണത്തിന്റെയും അവലോകനത്തിന്റെയും കാലോചിതമായ നിർവ്വഹണത്തിന്റെയും അഭാവം ജനകീയ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ വീഴ്ചയ്ക്ക് കാരണമായിട്ടുള്ളതായി അറിയാമോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഭരണത്തിൽ പൗര സമൂഹത്തോട് എത്രത്തോളം ഉത്തരവാദിത്വം പുലർത്താൻ കഴിഞ്ഞിട്ടുണ്ട് വിശദമാക്കുമോ ? | (സി) പൗര സമൂഹത്തോട് പൂർണ്ണ ഉത്തരവാദിത്വം പുലർത്താൻ കഴിഞ്ഞിട്ടുണ്ട്. 2012-ൽ നിലവിൽ വന്ന സേവനാവകാശ നിയമം, തുടർന്ന് നിരവധി ഇ-ഗവേണൻസ് പദ്ധതികൾ, സർക്കാർ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുതകുന്ന വിവിധ പരിശീലന പരിപാടികൾ എന്നിവ അതിനു സഹായകമായി പ്രവർത്തിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം

## മൂന്നാമത് ഭരണ പരിഷ്ക്കാര കമ്മിറ്റി റിപ്പോർട്ടിലെ അംഗീകരിച്ച ശുപാർശകൾ

### ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ

1. പൗരാവകാശ പത്രിക
2. സുതാര്യതയും അറിയുവാനുള്ള അവകാശവും.
3. പൊതുജനപരാതിപരിഹാരം
4. അധികാര വികേന്ദ്രീകരണവും ഭരണപരിഷ്ക്കാരവും
5. മോണിറ്ററിംഗ്

### രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ

സർക്കാർ ഉദ്യോഗസ്ഥരുടെ ഹാജർ നിരീക്ഷണ-നിയന്ത്രണം (Punching)

### മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ

1. ധനപരമായ പരിഷ്ക്കാരങ്ങൾ
2. ഭരണവകുപ്പിലെയും വകുപ്പദ്ധ്യക്ഷന്മാരുടെയും നിലവിലുള്ള ധനപരമായ അധികാരം വർദ്ധിപ്പിക്കുക
3. സാമ്പത്തിക നിയന്ത്രണം ഏകീകരിക്കുക

### നാലാമത് റിപ്പോർട്ടിലെ ശുപാർശകൾ

1. കഴിവ് മെച്ചപ്പെടുത്തൽ
2. നിയമന-സ്ഥാന നിർണ്ണയം
3. അച്ചടക്കം

### ആറാമത് റിപ്പോർട്ടിലെ ശുപാർശകൾ

ഗസറ്റഡ് ഉദ്യോഗസ്ഥരുടെ ശമ്പളവും ബന്ധപ്പെട്ട കാര്യങ്ങളും നടപടിക്രമങ്ങളും ലഘൂകരിക്കുന്നത് സംബന്ധിച്ച്

### ഏഴാമത് റിപ്പോർട്ടിലെ ശുപാർശകൾ

സംസ്ഥാന നിയമ കമ്മീഷൻ രൂപീകരണം - കാലഹരണപ്പെട്ട നിയമങ്ങൾ ഒഴിവാക്കാനും പരിഷ്ക്കരിക്കാനും ലളിതമാക്കാനും വേണ്ടി ഒരു ലോ കമ്മീഷൻ രൂപീകരിക്കൽ.

### എട്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ

പട്ടികജാതി, പട്ടികവർഗ്ഗ, കിർത്താഡ്സ്, സോഷ്യൽ വെൽഫെയർ എന്നീ വകുപ്പുകളിലെ ഭരണപരിഷ്ക്കാരങ്ങൾ.

### പത്താമത് റിപ്പോർട്ടിലെ ശുപാർശകൾ

പൊതുമരാമത്ത് പ്രവർത്തനങ്ങളുടെ നടപ്പിലാക്കൽ

**പതിനൊന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ**

സർക്കാരും പൊതുമേഖലാസ്ഥാപങ്ങളും തമ്മിലുള്ള അനുരഞ്ജനം.

**പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ**

ആരോഗ്യ മേഖലയിലെ വികസനം

**പതിമൂന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ**

അധികാര വികേന്ദ്രീകരണം സംബന്ധിച്ച സ്ഥാപന വൽക്കരണ ശുപാർശകൾ

സെക്ഷൻ ഓഫീസർ.